19002814

Reg. No..............................

Name..................................

# M.A. DEGREE (C.S.S.) EXAMINATION, OCTOBER 2019

First Semester

Faculty of Language and Literature

Branch II–Malayalam

MAL PC 01—**കവിത–പ്രാചീനം–മദ്ധ്യകാലം**

(Supplementary/Mercy Chance)

[2012 – 2018 Admissions]

Time : Three Hours

Maximum Weight : 30

## Part A

I. ഒരു പുറത്തിൽ കവിയാതെ അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

1 തോറ്റംപാട്ടുകളുടെ സവിശേഷതയെന്ത് ?

2 "ചത്തുപോകുന്നു പാവം ശിവ ! ശിവ!"—സന്ദർഭം എന്ത് ?

3 ലീലാതിലകകാരൻ പാട്ടിനു നൽകുന്ന നിർവ്വചനമെന്ത് ?

4 വടക്കൻപാട്ടുകളിലെ 'കവിക്കെട്ടുമുറ'കൾ എന്തെല്ലാം ?

5 ചമ്പു എന്നാലെന്ത് ?

6 സന്ദേശകാവ്യങ്ങളുടെ ഘടനയെന്ത് ?

7 മണിപ്രവാള കൃതികളിലെ ചരിത്ര സൂചനകൾ എന്ത് ?

8 അർണ്ണോസ് പാതിരിയുടെ മലയാള ഭാഷാ സംഭാവനകൾ ഏവ ?

(5 × 1 = 5)

## Part B

II. രണ്ടു പുറത്തിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

9 കണ്ണശ്ശ കൃതികളുടെ ഭാഷാപരമായ സവിശേഷതയെന്ത് ?

10 ഭാഷാചമ്പുക്കളുടെ പ്രസക്തിയെന്ത് ?

11 ഈശ്വരനും മനുഷ്യനും തമ്മിലുള്ള "സാന്ദ്രസൗഹൃദത്തിന്റെ ആവിഷ്കാരമാണ് കുചേലവൃത്തം" —വിശദീകരിക്കുക.

12 എഴുത്തച്ഛന്റെ കിളിപ്പാട്ടു വൃത്തങ്ങൾ—കുറിപ്പെഴുതുക.

13 "സാമൂഹികതയുടെ അഴിച്ചു പണിയാണ് ജ്ഞാനപ്പാനയിൽ"—വിവക്ഷയെന്ത് ?

14 കേരളീയ രാജഭരണത്തെ 'ഘോഷയാത്ര'യിൽ നമ്പ്യാർ പരിഹസിക്കുന്നതെങ്ങനെ ?

15 ചെറുശ്ശേരിയുടെ വർണ്ണനയുടെ ലാളിത്യഭംഗി വിവരിക്കുക.

16 ഗിരിജാകല്യാണം ഗീതാപ്രബന്ധത്തിന്റെ ആഖ്യാന സവിഷേതയെന്ത് ?

(5 × 2 = 10)

## Part C

III. അഞ്ച് പുറത്തിൽ കവിയാതെ **മൂന്ന്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

17 രാമചരിതം ഉത്തമ പാട്ടുകൃതിയാണോ ? വിശദീകരിക്കുക.

18 മണിപ്രവാള സാഹിത്യ കൃതികളുടെ ഭാഷാപരമായ വ്യത്യസ്തത എന്ത് ?

19 കേരളത്തിലെ അനുഷ്ഠാന ഗാനശാഖയെ പരിചയപ്പെടുത്തുക.

20 'കുചേലവൃത്തം വഞ്ചിപ്പാട്ടി'ൽ ആദ്ധ്യാത്മിക ചിന്തയുടെ ആവിഷ്കാരം എപ്രകാരമാണ് നിർവ്വഹിച്ചിരിക്കുന്നത് ?

21 കേരളീയ രംഗകലകളും പാട്ടുസാഹിത്യവും തമ്മിലുള്ള ബന്ധം കണ്ടെത്തി ചർച്ച ചെയ്യുക.

22 മലയാളത്തിലെ സന്ദേശ കാവ്യങ്ങളുടെ പ്രമേയത്തെപ്പറ്റി ഉപന്യാസം തയ്യാറാക്കുക.

(3 × 5 = 15)